തീവ്രസങ്കേത വികസന പദ്ധതി പ്രകാരം നിർമ്മിച്ച പാർപ്പിടങ്ങൾ

27 (*507) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പാർപ്പിട സൗകര്യ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന തീവ്ര സങ്കേത വികസന പദ്ധതി അനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പാർപ്പിടങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിർമ്മിച്ചു നൽകിയിട്ടുണ്ട് ;

(സി) ഓരോ സാമ്പത്തിക വർഷവും ഇതിനായി എന്തു തുക വീതം കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ചു കിട്ടിയെന്നും അറിയിക്കാമോ ;

(ഡി) സംസ്ഥാന സർക്കാരിന്റെ മുതൽ മുടക്കിൽ പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പാർപ്പിടങ്ങൾ സൗജന്യമായി നിർമ്മിച്ചു നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനായി നിലവിലുണ്ടായിരുന്ന സംയോജിത ഭവന നിർമ്മാണം, ഭൂരഹിത ഭവന രഹിത പുനരധിവാസം എന്നീ പദ്ധതികൾക്കു പുറമേ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായുള്ള പദ്ധതി, പുറമ്പോക്കു നിവാസികളുടെ പുനരധിവാസ പദ്ധതി, സുവർണ്ണജൂബിലി മൈത്രി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭവനനിർമ്മാണ പദ്ധതികൾക്ക് മുൻതൂക്കം നൽകുന്നു.

(ബി) തീവ്രസങ്കേത വികസന പദ്ധതിക്കു കേന്ദ്ര ഗവൺമെന്റിന്റെ ധന സഹായം ലഭിക്കുന്നില്ല. ഈ പദ്ധതി പാർപ്പിട നിർമ്മാണം മാത്രമല്ല വിഭാവനം ചെയ്യുന്നത്.

(സി) ബാധകമല്ല.

(ഡി) പട്ടികജാതിക്കാർക്കുവേണ്ടി 20606 വീടുകളും പട്ടികവർഗ്ഗക്കാർക്കു വേണ്ടി 2316 വീടുകളും വിവിധ വകുപ്പുകൾ മുഖേന നിർമ്മിക്കുന്നതിന് ധന സഹായം നൽകിയിട്ടുണ്ട്. ഇതുകൂടാതെ 30000-ലധികം വീടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly